**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 493** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം മുന്നോട്ടുവച്ച ആശയങ്ങൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കെ. ജെ. മാക്സി | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. കെ. ജെ. മാക്സി | (മുഖ്യമന്ത്രി) |

**(എ)** കേന്ദ്ര സർക്കാർ കേരളത്തിന് സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്ത് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം, കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത്, കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് അടക്കമുള്ള കേന്ദ്ര നടപടികൾ കാരണം ഗുരുതരമായ സാമ്പത്തിക ഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

**(ബി)** 2026-27 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് അവതരണത്തിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ച സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ കേരളം മുന്നോട്ടു വച്ച ആശയങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് അവതരണത്തിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ കേരളം പ്രധാനമായും മുന്നോട്ടു വച്ച ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

നടപ്പുവർഷത്തെ കടമെടുക്കൽ പരിമിതികൾ മൂലം ഉണ്ടാകുന്ന ₹21000 കോടിയിലധികം വരുന്ന ഗുരുതരമായ വിഭവ വിടവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് ഒരു പ്രത്യേക ധനകാര്യ പാക്കേജ് അനുവദിക്കുക.

അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, അനുബന്ധ വികസനം എന്നിവ ലക്ഷ്യമിട്ടുള്ള സാമ്പത്തിക സഹായത്തിനായി ₹1,000 കോടി ബജറ്റ് വിഹിതം അനുവദിക്കുക.

മൂലധന ചെലവുകൾക്കായി മാത്രം ജി.എസ്.ഡി.പി.-യുടെ 0.5% അധിക വായ്പാ അനുവദിക്കുക.

സംസ്ഥാന ധനസഹായത്തോടെയുള്ള ദേശീയ പാത ഭൂമി ഏറ്റെടുക്കലിനായി (₹6,000 കോടി) വായ്പയെടുക്കൽ അനുവദിക്കുക.

സംസ്ഥാനങ്ങൾക്കുള്ള 50 വർഷത്തെ പലിശരഹിത മൂലധന വായ്പകളുടെ 25% എങ്കിലും ആസ്തി പുതുക്കൽ ഫണ്ടായി നീക്കിവയ്ക്കുക.

ജി.എസ്.ടി. പരിഷ്കരണവും റവന്യൂ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

സി.എസ്.എസ്. പദ്ധതികൾ - MGNREGA തൊഴിലുറപ്പ് പദ്ധതി മാനദണ്ഡങ്ങൾ പുനഃസ്ഥാപിക്കുക. സി.എസ്.എസ് -ന് കീഴിലുള്ള കേന്ദ്ര സഹായം 60% ൽ നിന്ന് 75% ആയി പുനഃസ്ഥാപിക്കുക.

വിഴിഞ്ഞം അന്താരാഷ്ട്ര മൾട്ടിപർപ്പസ് സീപോർട്ട് (VISL) വികസനവുമായി ബന്ധപ്പെട്ട് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുക.

- നെല്ല് സംഭരണം, പ്ലാന്റേഷൻ മേഖലയുടെ പുനരുജ്ജീവനം, എയിംസ് സ്ഥാപിക്കൽ, ശബരി പദ്ധതി റെയിൽ, പരമ്പരാഗത ചെറുകിട വ്യവസായങ്ങൾക്കുള്ള രക്ഷാ പാക്കേജുകൾ, അങ്കണവാടി, ആശ സ്കീം തൊഴിലാളികൾക്കുള്ള രക്ഷാ പാക്കേജുകൾ, സാമൂഹിക സുരക്ഷാ പെൻഷനുകൾ, ഉച്ചഭക്ഷണ പാചകച്ചെലവ്, ദരിദ്രർക്കുള്ള ഭവന നിർമ്മാണത്തിനുള്ള ധനസഹായങ്ങൾ, മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ (₹1,000 കോടി), വയോജന ക്ഷേമ പദ്ധതികൾ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് (KNRKWB) –ജി.സി.സി.-യിൽ നിന്ന് മടങ്ങിയെത്തുന്നവർക്കുള്ള സാമൂഹിക സുരക്ഷയ്ക്കും സംരംഭകത്വ സഹായത്തിനും ധനസഹായം തുടങ്ങി കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളും പ്രസ്തുത യോഗത്തിൽ ഉന്നയിച്ചിരുന്നു.

**സെക്ഷൻ ഓഫീസർ**